# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## നടപടികൾ

വിഷയം : ജയിലുകൾ - ജയിലാസ്ഥാനകാര്യാലയം, ജീവനക്കാര്യവിഭാഗം - അസിസ്റ്റന്റ് പ്രിസൺ ഓഫീസർ കം ഡ്രൈവർ തസ്തികയിലെ ജീവനക്കാരുടെ ഡ്യൂട്ടി, പരിശീലനം, യൂണിഫോം, എന്നിവയിൽ വ്യക്തതവരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 14.08.2020 തീയതിയിലെ നമ്പർ. 190/ബി3/2019/ആഭ്യന്തരം എന്ന സർക്കാർ കത്ത്.

**ഉത്തരവ് നമ്പർ. E3-11144/2019/PrHQ; തീയതി : 28-10-2020**

ജയിൽ വകുപ്പിലെ അസിസ്റ്റന്റ് പ്രിസൺ ഓഫീസർ കം ഡ്രൈവർ തസ്തികയിലെ ജീവനക്കാരുടെ ഡ്യൂട്ടി, പരിശീലനം, യൂണിഫോം, എന്നിവയിൽ വ്യക്തതവരുത്തി പരാമർശം പ്രകാരം സർക്കാരിൽ നിന്നും നിർദ്ദേശം നൽകിയിരിക്കുന്നു. ആയതിനാൽ ടി തസ്തികയിലെ ജീവനക്കാരുടെ ഡ്യൂട്ടി, പരിശീലനം, യൂണിഫോം, എന്നിവയിൽ ചുവടെ ചേർക്കുംപ്രകാരം വ്യക്തതവരുത്തി ഉത്തരവാകുന്നു.

1. അസി. പ്രിസൺ ഓഫീസർ കം ഡ്രൈവർ തസ്തികയിലെ ജീവനക്കാരുടെ പരിശീലന രീതിയും, ജോലി സ്വഭാവവും ഏകദേശം അസി. പ്രിസൺ ഓഫീസർ തസ്തികയുടേതിന് സമാനമാണ്. അസി. പ്രിസൺ ഓഫീസർ കം ഡ്രൈവർ തസ്തികയിൽ നിയമിക്കപ്പെടുന്നവർ ഡ്രൈവറുടെ ജോലിയും തടവുകാരുടെ സെക്യൂരിറ്റി സംബന്ധമായ ജോലിയും ചെയ്യാൻ ബാദ്ധ്യസ്ഥരുമാണ്. ആയതിനാൽ *ഡ്രൈവറായി ജോലി ചെയ്യേണ്ടതില്ലാത്ത ഇടവേളകളിൽ ഇവർക്ക് ഗേറ്റ്, ബ്ലോക്ക് എന്നിവിടങ്ങളിലെ സെക്യൂരിറ്റി ചുമതല നൽകാവുന്നതാണ്.*
2. സുരക്ഷാ ചുമതല വഹിക്കുമ്പോൾ അസി. പ്രിസൺ ഓഫീസർ കം ഡ്രൈവർ, അസി. പ്രിസൺ ഓഫീസർ എന്നിവർ സമാനമായ രീതിയിലാണ് ചുമതലകൾ വഹിച്ചുപോരുന്നത് എന്നതിനാൽ പരിശീലന കാലം ഇരു തസ്തികകൾക്കും നിലവിലുള്ള രീതിയിൽ തന്നെ തുടരേണ്ടതാണ്. *അതായത് അസി പ്രിസൺ ഓഫീസർമാരെപ്പോലെ ഇവരും 9 മാസത്തെ പരിശീലനം നേടിയിരിക്കേണ്ടതാണ്.*
3. അസി. പ്രിസൺ ഓഫീസർ കം ഡ്രൈവർ തസ്തികയിലുള്ള ഉദ്യോഗസ്ഥരെ അസി. പ്രിസൺ ഓഫീസർ തസ്തികയിലുള്ള ഉദ്യോഗസ്ഥരിൽ നിന്നും വേർതിരിച്ചറിയത്തക്കവിധം യൂണിഫോമിൽ തസ്തികയുടെ പേര് രേഖപ്പെടുത്തിയ നെയിംപ്ലേറ്റ് നിർബന്ധമായും ധരിച്ചിരിക്കേണ്ടതാണ്.

ഋഷി രാജ് സിംഗ് IPS
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ് : എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും.

പകർപ്പ് : 1. ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ഓഫീസർമാർക്കും.
2. ബന്ധപ്പെട്ട എല്ലാ ജീവനക്കാർക്കും (സ്ഥാപനമേധാവി മുഖാന്തിരം).